## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 707** **13.01.2021 ൽ മറുപടിയ്ക്ക്**

## അരുവിപ്പുരം ടൂറിസം പദ്ധതി.

| ചോദ്യം<br>ശ്രീ.ഡി.കെ.മുരളി | | ഉത്തരം<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | വാമനപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച അരുവിപുരം ടൂറിസം പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | എ) | തിരുവനന്തപുരം ജില്ലയിലെ അരുവിപ്പുറം ടൂറിസം വികസന പദ്ധതിക്കായി 1,44,00,000/- (ഒരു കോടി നാൽപ്പത്തിനാല് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പാത്ത് വേ (ഗ്രാനൈറ്റ് ക്രേസി പാറ്റേൺ) , 2. ചുറ്റുമതിൽ , 3.പടിത്തുറ, 4. വ്യൂ പോയിൻറ് (2 എണ്ണം) , 5. റെയിൻ ഷെൽട്ടർ,6.പവലിയൻ,7.റെയ്സ്ഡ്പ്ലാസ,8. ഇരിപ്പിട സംവിധാനം, 9.ട്രീ പിറ്റ്, 10. പ്ലാൻറർ ബോക്സ്, 11.ബോട്ട് ജെട്ടി, 12.ടോയ്ലറ്റ് ബ്ലോക്ക്, 13.സ്റ്റോൺ ബോള്ളാർഡ്, 14.ലാൻഡ്സ്കേപ്പിംഗ്, 15. വൈദ്യുതീകരണം, 16. ജല വിധാനം |
| ബി) | പ്രസ്തുത പദ്ധതിയ്ക്കായി നൽകിയ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | സി) | പദ്ധതി നടത്തിപ്പിനായി വിനോദസഞ്ചാര വകുപ്പ് തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുമായി 2020 ജൂണിൽ കരാർ ഒപ്പിട്ടിട്ടുള്ളതാണ്. പദ്ധതിയുടെ പ്രവൃത്തി നിർവ്വഹണച്ചുമതല സർക്കാർ ഏജൻസിയായ കെ.ഇ.എൽ-ന് തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- തിരുവനന്തപുരം ജില്ലയിലെ " അരുവിപ്പുറം വികസന പദ്ധതി" ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര(എ) വകുപ്പ്**

സ.ഉ.(സാധാ) നം 94./2020/ടൂറിസം തീയതി, തിരുവനന്തപുരം, 19/02/2020

പരാമർശം :- 1 ).സ.ഉ(പി)നം 408/07/ധന തീയതി 07/09/2007
2.)സ.ഉ(പി)നം311/14/ധന തീയതി 30/07/2014
3).സ.ഉ(പി)നം 11/15/ധന തീയതി 08/01/2015
4) സ.ഉ(പി ) നം.118/2018/ധന തീയതി 3 .8 .2018
5) സ.ഉ(പി ) നം.88 /2018/ധന തീയതി 11 .6 .2018
6)സ.ഉ(കൈ) 3/19/ടൂറിസം തീയതി 30/05/2019
7)വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 30/07/2019 ലെ പി 6- 15161/2018 നമ്പർ കത്ത്
8) 21.01.2020 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ അരുവിപ്പുറത്തിലൂടെ വാമനപുരം പുഴയുടെ നല്ലൊരു ഭാഗം ഒഴുകുന്നുണ്ടെന്നു ബോട്ടിംഗ് ഉൾപ്പെടെ ടി പ്രദേശത്തിന്റെ ടൂറിസം സാധ്യത കണക്കിലെടുത്ത് അരുവിപ്പുറം പ്രദേശത്തിന്റെ വികസനത്തിനായി 1,44,00,000/- ( ഒരു കോടി നാൽപത്തിനാലു ലക്ഷം ) രൂപയുടെ പദ്ധതി നിർദ്ദേശം പരാമർശം(1) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No. | Description |
|---|---|
| 1 | Pathway By Granite crazy pattern |
| 2 | Retaining Wall |
| 3 | Padithurai (Steps leading to the water) |
| 4 | View Point (2 Nos) |
| 5 | Rain Shelter |
| 6 | Pavilion |
| 7 | Raised Plaza |
| 8 | Seating (7 Nos) |
| 9 | Tree Pit |
| 10 | Planter box |

ശരിപകർപ്പ്

സെക്ഷൻ ഓഫീസർ

| | |
|---|---|
| 11 | Boat Jetty |
| 12 | Toilet Block |
| 13 | Stone Bollards (4 Nos) |
| 14 | Soft landscaping |
| 15 | Electrical Work |
| 16 | Irrigation Network |

21.01.2020 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം ചർച്ച ചെയ്യുകയും അംഗീകാരം നൽകുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ അരുവിപ്പുറം ടൂറിസം പദ്ധതിയുടെ വികസനത്തിനായി 144,00,000/- ( ഒരു കോടി നാൽപത്തിനാല് ലക്ഷം ) രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പദ്ധതി നടത്തിപ്പ് ചെലവ് " 5452-01-101-99 Upgradation, Creation of Infrastructure and Amenities (Plan) " എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പദ്ധതിയുടെ നിർവ്വഹണച്ചുമതല ടൂറിസം വകുപ്പിനാണ്. പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതും പദ്ധതി 12 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

പത്മകുമാർ.റ്റി.വി
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(Audit) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്
വിവരപൊതുജന സമ്പർക്ക വകുപ്പ്(വെബ് ആൻറ് ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ശരിപകർപ്പ്

സെക്ഷൻ ഓഫീസർ -